# ജീവിതം

കടമെടുത്തതാണു ഞാനീ ജീവിതം,
കടമയുണ്ടെനിക്കതു തിരിച്ചു നൽകാൻ,
കടമ്പകളനേകം കടക്കേണ്ടതുണ്ടിവിടെ;
കരുത്തെനിക്കു കൈനീട്ടി എടുക്കാനുമാവില്ല.

ചെപ്പൊന്നെനിക്കു തന്നയച്ചതിൽ,
ചന്തമേറിടും മൂല്യങ്ങളുണ്ടതിൽ;
ചന്തയിൽ വിൽക്കാനുമാവില്ല പിന്നെ-
ചിന്തതൻ മാറാപ്പിലൊളിച്ചുവച്ചു ഞാൻ.

മണ്ണിൽ പിറന്നു വീണൊരീ മർത്യന്,
മന്നനായ് തീരുവാനാണു മോഹം;
മനസ്സിനെ മയക്കി കിടത്തിയുറക്കുവാൻ,
മറയ്ക്കുന്നു സർവ്വവും മന്ദസ്മിതങ്ങളാൽ.

കണ്ണീരൊളിപ്പിച്ച് കദനം തുടിക്കുമീ,
കാർമേഘ പാളിതൻ ഹൃദയതുടിപ്പുപോൽ-
കരുണതൻ സാഗരം തേടിയലഞ്ഞുപോയ്
തെല്ലു കണ്ടു ഞാനതിൻ കണിക മാത്രം.

നിന്നെ ഞാനെത്രമാത്രം കൊതിച്ചുപോയ്,
നിന്നിൽ ഞാനത്രയും അലിഞ്ഞുപോയ്;
നീക്കുവാനാവില്ല നിനക്കെന്നെ-
നിർദ്ദയം വേർപിരിക്കാനുമാവില്ല.

ജീവിതമേ മതിയായെന്നുരുവിടുമ്പോഴും,
ജീവിക്കുവാനൊടുങ്ങാത്ത വെമ്പലാം;
ജനിച്ചാലോ മരിക്കണം ഒരു ദിനം,
ജനകനാ സത്യം സദാ സ്മരിക്കണം.